**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 130** **13-02-2025 - ൽ മറുപടിയ്ക്ക്**

**ക്ഷീരമേഖലയിൽ സമ്പൂർണ്ണ ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ കെ യു ജനീഷ് കുമാർ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീരകർഷകർക്കും അവരുടെ കുടുംബങ്ങൾക്കും ക്ഷീരസംഘം ജീവനക്കാർക്കുമായി സമ്പൂർണ്ണ ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്.<br><br>കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകർക്ക് ആരോഗ്യ സുരക്ഷിതത്വവും ആശ്വാസവും ഉറപ്പാക്കുന്നതിനുവേണ്ടി 'ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതി' നടപ്പിലാക്കി വരുന്നു. യാതൊരുവിധ ആരോഗ്യ പരിശോധനകളും കൂടാതെ തന്നെ 80 വയസ്സ് വരെ പ്രായമുള്ള ക്ഷീരകർഷ കർക്ക് പദ്ധതിയിൽ ചേരാം എന്നതും നിലവിലുള്ള അസുഖങ്ങൾക്കു കൂടി പദ്ധതിയിൽ പരിരക്ഷ ലഭിക്കും എന്നതും ഈ പദ്ധതിയുടെ മാത്രം പ്രത്യേകത യാണ്.<br><br>2024-25 ൽ ഇ-ടെൻഡർ മുഖാന്തിരം തെരെഞ്ഞെടുത്ത ന്യൂ ഇന്ത്യ അഷ്വറ ൻസ് കമ്പനിയും ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയും ആണ് നിർവ്വഹണ ഏജൻസികൾ.<br><br>പദ്ധതി ധനസഹായത്തിനായി സംസ്ഥാന സർക്കാർ ക്ഷീരവികസന വകുപ്പ് വഴി 1.5 കോടി രൂപയും മിൽമയുടെ മൂന്ന് മേഖലായൂണിയനുകളിൽ നിന്നുമായി 90 ലക്ഷം രൂപയും ക്ഷീരകർഷക ക്ഷേമനിധി ബോർഡ് വിഹിതമായ 3.37 കോടി രൂപയും ഇൻഷ്വറൻസ് പദ്ധതിക്കായി നീക്കി വെച്ചിട്ടുണ്ട്. ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ ക്ഷീരകർഷകർക്കും കുടുംബാംഗങ്ങൾക്കും, ക്ഷീരസംഘം ജീവനക്കാർക്കും പദ്ധതിയിൽ ചേരാവുന്നതാണ്. സബ്സിഡി വിഹിതം ക്ഷേമനിധി അംഗങ്ങൾക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു.<br><br>ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതയിൽ അംഗങ്ങളാകുന്നവർക്ക് ആരോഗ്യ സുരക്ഷാ പോളിസി, അപകടസുരക്ഷാ പോളിസി, ലൈഫ് |

| | | | |
|---|---|---|---|
| | | | ഇൻഷ്വറൻസ് പോളിസി എന്നീ മൂന്ന് വിഭാഗങ്ങളുടെ പരിരക്ഷ ലഭിക്കുന്നു. ആരോഗ്യ സുരക്ഷാ പോളിസിയുടെ ഭാഗമായി കുടുംബാംഗങ്ങൾക്ക് രണ്ട് ലക്ഷം രൂപ വരെയുള്ള ചികിത്സാ സഹായം പണചെലവില്ലാതെ ലഭ്യമാണ്. അപകടസുരക്ഷ പോളിസി പ്രകാരം ക്ഷീരസാന്ത്വനം പദ്ധതിയിൽ അംഗത്വ മെടുത്ത വ്യക്തികൾക്ക് അപകടമരണ ങ്ങൾക്കും, സ്ഥായിയായ അംഗവൈക ല്യങ്ങൾക്കും 7 ലക്ഷം രൂപ ധനസഹായം നൽകുന്നു. കൂടാതെ 25 വരെയുള്ള 2 കുട്ടികൾക്ക് ഇരുപത്തി അയ്യായിരം രൂപ വീതം അൻപതിനായിരം രൂപ വിദ്യാഭ്യാസ ധനസഹായം ലഭിക്കുന്ന തുമാണ്. ലൈഫ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം സാധാരണ മരണങ്ങൾക്ക് ഒരു ലക്ഷം രൂപയും നൽകുന്നു. കേരളത്തിലുടനീളം 296 ആശുപത്രികളിൽ ക്യാഷ് ലെസ് സൗകര്യം ലഭ്യമാണ്. ഇതു കൂടാതെ ഏത് ആശുപത്രിയിൽ ചികിത്സ നേടിയാലും റീ ഇംബേഴ്സ്മെന്റ് വഴി ധനസഹായം ലഭിക്കും. ആശുപത്രി വാസത്തിന് ഒരു മാസം മുൻപും ആശുപത്രി വാസത്തിന് ശേഷമുള്ള 2 മാസവും തുടർ ചികിത്സാ ധനസഹായം ലഭിക്കും. ക്ഷീരസാന്ത്വനം പദ്ധതിയിൽ അംഗമാകുന്നതിന് ഒരു കർഷകന് 6,350/- രൂപയാണ് പ്രീമിയം തുകയായി നിശ്ചയിച്ചിട്ടുള്ളത്. ആയതിന്റെ 50% തുകയായ 3175/- രൂപ ക്ഷേമനിധി ധനസഹായമായി നൽകുന്നു. തൻവർഷം 18,200 ക്ഷീരകർഷകരെ പദ്ധതി ധനസഹാ യത്തിനായി തെരെഞ്ഞെടുക്കുന്നു. ധനസഹായം കൂടാതെ മറ്റ് ക്ഷേമനിധി അംഗങ്ങൾക്കും ജീവനക്കാർക്കും പദ്ധതിയിൽ ചേരാൻ കഴിയുന്നു.<br><br>കൂടാതെ, മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയിൽ കന്നുകാലികൾക്കും അവയുടെ ഉടമകൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ക്ഷേമനിധി ബോർഡിൽ അംഗമല്ലാത്തവർക്ക് പരിരക്ഷ ലഭ്യമാണോ; പദ്ധതിയിൽ ചേരുന്ന കർഷകന് ഇൻഷ്വറൻസ് പ്രീമിയം തുകയിൽ സർക്കാർ ധനസഹായം ലഭ്യമാണോ; വ്യക്തമാക്കുമോ; | (ബി) | ക്ഷേമനിധി ബോർഡിൽ അംഗമല്ലാത്ത ക്ഷീരകർഷകർക്കും ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതിയിൽ ചേരാവുന്നതാണ്. എന്നാൽ കേരള ക്ഷീരകർഷക ക്ഷേമനിധി അംഗമായിട്ടുള്ള ക്ഷീരകർഷകർക്ക് മാത്രമാണ് ഇൻഷ്വറൻസ് പ്രീമിയം ഒടുക്കുന്നതിൽ സബ്സിഡി നൽകി വരുന്നത്. ക്ഷീരസാന്ത്വനം പദ്ധതി ധനസഹായ ത്തിനായി സംസ്ഥാന സർക്കാർ ക്ഷീരവികസന വകുപ്പ് വഴി 1.5 കോടി രൂപയും മൂന്ന് മേഖലായൂണിയനുകളിൽ നിന്നുമായി 90 ലക്ഷം രൂപയും ക്ഷീരകർഷക |

| | | | |
|---|---|---|---|
| | | | ക്ഷേമനിധി വിഹിതമായ 3.37 കോടി രൂപയും ഇൻഷ്വറൻസ് പദ്ധതിക്കായി നീക്കിവെച്ചിട്ടുണ്ട്.<br><br>കൂടാതെ മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയിൽ കന്നുകാലികൾക്കും അവയുടെ ഉടമകൾക്കുമാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്. കന്നുകാലികളുടെ ഇൻഷ്വറൻസ് പ്രീമിയത്തിൽ ജനറൽ വിഭാഗത്തിന് 50 % സർക്കാർ സബ്സിഡിയും, എസ് സി/എസ് ടി വിഭാഗത്തിന് 70% സബ്സിഡിയും നൽകിവരുന്നു. കന്നുകാലി ഉടമക്കുള്ള ഇൻഷ്വറൻസ് പ്രീമിയത്തിന് സർക്കാർ സബ്സിഡി നൽകുന്നതല്ല. |
| (സി) | ക്ഷീരകർഷകരുടെ കറവമാടുകളെ പദ്ധതിയിൽ ഉൾപ്പെടുത്താൻ വ്യവസ്ഥയുണ്ടോ; വിശദമാക്കുമോ? | (സി) | ക്ഷീരകർഷകരുടെ കറവമാടുകളെ ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നിലവിൽ വ്യവസ്ഥ ചെയ്തിട്ടില്ല.<br><br>മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയിൽ കന്നുകാലികൾക്കും അവയുടെ ഉടമകൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ട്. കന്നുകാലികളുടെ ഇൻഷ്വറൻസ് പ്രീമിയത്തിൽ ജനറൽ വിഭാഗത്തിന് 50 % സർക്കാർ സബ്സിഡിയും, എസ് സി/എസ് ടി വിഭാഗത്തിന് 70% സബ്സിഡിയും നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ